4
ബുധൻ
2018 ജൂലായ്
1193 മിഥുനം 20

മക്തബ്

www.makthabdaily.com

തളിപ്പറമ്പ പുസ്തകം 11 ലക്കം 212 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

അഭിമന്യു വധത്തിന് പിറകിൽ പ്രൊഫഷണൽ സംഘമെന്ന് ഡി.ജി.പി

തീവ്രവാദ ബന്ധം ഇപ്പോൾ പറയാനാകില്ലെന്ന്

പോപ്പുലർ ഫ്രണ്ട്–എസ്.ഡി.പി.ഐ ഓഫീസുകളിൽ വ്യാപകറെയ്ഡ്

എറണാകുളം: മഹാരാജാസ് കോളേജ് വിദ്യാർത്ഥിയും എസ്.എഫ്.ഐ ഇടുക്കി ജില്ലാ കമ്മിറ്റിയംഗവുമായ അഭിമന്യുവിന്റെ കൊലപാതകത്തിന് പിറകിൽ പ്രൊഫഷണൽ കൊലയാളി സംഘമാണെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ വെളിപ്പെടുത്തി. എന്നാൽ തീവ്രവാദ സ്വഭാവമുള്ള സംഘടനകൾക്ക് കൊലപാതകവുമായി ബന്ധമുണ്ടോയെന്ന് ഇപ്പോൾ പറയാനാവില്ല. അതുസംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. പുറത്തുനിന്നുള്ളവരുടെ സഹായം കൊലപാതകത്തിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. ക്യാമ്പസുകളിലെ അക്രമങ്ങൾ അവസാനിപ്പിക്കാൻ നടപടിയെടുക്കുമെന്നും ഡി.ജി.പി കൂട്ടിച്ചേർത്തു.

അഭിമന്യു മരിക്കാനിടയായ കുത്ത് അങ്ങേയറ്റം മാരകമാണ്. കൊലപാതകത്തിന് വേണ്ടി മാത്രം രൂപപ്പെടുത്തിയ പ്രത്യേകതരം കത്തിയാണ് കൊലക്കുപയോഗിച്ചത്. അഭിമന്യുവിനെ കുത്തിയ ശേഷം കത്തി വലിച്ചൂരിയെടുക്കുന്നതിന് മുന്നേ അതുപയോഗിച്ച് കുത്തേറ്റ ഭാഗത്ത് തിരിക്കുകയുണ്ടായി. ഇത് പ്രൊഫഷണൽ കൊലയാളികൾ മാത്രം അനുവർത്തിക്കുന്നതാണ്. അഭിമന്യുവിനെ ഭയപ്പെടുത്തി പിന്തിരിപ്പിക്കാനല്ല മരണം ഉറപ്പാക്കാനാണ് ഈ രീതിയിൽ കുത്തിയതെന്നാണ് അനുമാനം. ഹൃദയത്തിന് നേരിട്ട് മുറിവേറ്റ് ആന്തരികാവയവങ്ങളിൽ രക്തസ്രാവമുണ്ടാക്കുന്നതാണ് ഈ രീതിയിലുള്ള കുത്ത്. അതുകൊണ്ട് തന്നെ അഭിമന്യുവിനെ കുത്തിയയാൾ ആദ്യമായല്ല ഇത്തരമൊരു അക്രമണത്തിൽ പങ്കാളിയായതെന്ന് പോലീസ് കരുതുന്നു. മുറിവ് പരിശോധിച്ച ഫോറൻസിക് വിദഗ്ധരും പ്രൊഫഷണൽ കൊലയാളിയിലേക്ക് വിരൽ ചൂണ്ടിയിരുന്നു.

അഭിമന്യുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എസ്.ഡി.പി.ഐയുടെയും പോപ്പുലർ ഫ്രണ്ടിന്റെയും ഒട്ടേറെ ഓഫീസുകളിൽ റെയ്ഡ് തുടരുകയാണ്. മണ്ണഞ്ചേരി, വണ്ടിപ്പെരിയാർ, ആലുവ തുടങ്ങിയ ഓഫീസുകളിലാണ് റെയ്ഡ് നടക്കുന്നത്. വണ്ടിപ്പെരിയാറിൽ നിന്ന് നാല് പ്രവർത്തകരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കൊലയാളികൾക്ക് ഒളിച്ചുതാമസിക്കാൻ സൗകര്യമൊരുക്കി കൊടുത്തത് ഇവരാണെന്നാണ് സൂചന. നാലുപേരെയും അന്വേഷണ സംഘം ചോദ്യം ചെയ്തുവരികയാണ്.

അതേസമയം നിരവധി എസ്.ഡി.പി.ഐ പ്രവർത്തകരെ പോലീസ് കരുതൽ തടങ്കലിലെടുത്തുവെന്നാരോപിച്ച് പ്രവർത്തകർ ഇന്നലെ രാത്രി മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ ഉപരോധിച്ചു. ഇന്ന് രാവിലെയും ഉപരോധം തുടരുന്നുണ്ട്.

പരിയാരം മെഡിക്കൽ കോളേജിലേക്ക് ഡി.സി.സി നടത്തിയ മാർച്ച് പ്രസിഡണ്ട് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്യുന്നു.

പരിയാരം കോളേജിനെ സർക്കാർ കോളേജെന്ന് ഭ്രാന്തൻമാരേ വിളിക്കൂ: സതീശൻ പാച്ചേനി

പരിയാരം: പരിയാരം മെഡി. കോളേജിനെ സർക്കാർ കോളേജെന്ന് വിളിക്കാൻ തലക്ക് വെളിവില്ലാത്തവർക്ക് മാത്രമേ കഴിയൂവെന്ന് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി പറഞ്ഞു. മെഡി. കോളേജിലേക്ക് കോൺഗ്രസ് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. സ്വാശ്രയ കോളേജിനെതിരെ സമരം ചെയ്ത് രക്തസാക്ഷികളായവരെ ഓർക്കുന്നുവെങ്കിൽ സർക്കാർ തീരുമാനം മാറ്റണം. മൃതദേഹം 50,000 രൂപക്ക് വിൽപ്പന നടത്തുന്ന രീതിയിലേക്ക് മെഡി. കോളേജ് മാറിയിരിക്കുകയാണ്. മംഗലാപുരത്തെ സ്വകാര്യ മെഡിക്കൽ കോളേജിന്റെ ഏജന്റുമാരായി സർക്കാർ മാറിയിരിക്കുകയാണെന്നും അദേഹം ആരോപിച്ചു. എം.പി.ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ.ബ്രിജേഷ്കുമാർ, സജീവ്ജോസഫ്, രജനി രമാനന്ദ് പ്രസംഗിച്ചു. ടി. ജനാർദ്ദനൻ, എ.ഡി.സാബുസ്, രാജീവൻ കപ്പച്ചേരി, നൗഷാദ് ബ്ലാത്തൂർ, ഇ.ടി. രാജീവൻ, ജോഷി കണ്ടത്തിൽ, കെ.നബീസ ബീവി, പി.എം.പ്രേകുമാർ, മൈക്കിൾ പാട്ടത്തിൽ എന്നിവർ നേതൃത്വം നൽകി. ഔഷധി പരിസരത്ത് നിന്നാരംഭിച്ച മാർച്ച് മെഡിക്കൽ കോളേജ് ഗെയ്റ്റിന് സമീപം പോലീസ് തടഞ്ഞു.

കള്ളനോട്ട്: സീരിയൽ നടിയുടെ വീടിനെ ചുറ്റിപ്പറ്റി ദുരൂഹത

ഇടുക്കി: കള്ളനോട്ട് കേസിൽ പിടിയിലായ സീരിയൽ നടി സൂര്യയുടെ (36) വീടിന് ചുറ്റിപ്പറ്റി ഒട്ടേറെ ദുരൂഹതകൾ. ഇന്നലെയാണ് കൊല്ലത്തെ സീരിയൽ നടിയുടെ വീട് റെയ്ഡ് ചെയ്ത് 57 ലക്ഷം രൂപയുടെ കള്ളനോട്ടും നോട്ട് അച്ചടിക്കുന്നതിനുള്ള സാമഗ്രികളും പോലീസ് പിടിച്ചെടുത്തത്. കട്ടപ്പന അണക്കെയിൽ നടന്ന കള്ളനോട്ട് വേട്ടയിൽ നിന്ന് ലഭിച്ച സൂചനയെ തുടർന്നായിരുന്നു കട്ടപ്പന സി.ഐ വി.എസ് അനിൽകുമാറിന്റെ നേതൃത്വത്തിൽ കൊല്ലം തിരുവല്ലവാരം മുളങ്കാടകത്ത് ഉഷസ് എന്ന വീട്ടിൽ നിന്ന് സീരിയൽ നടി സൂര്യയെയും സഹോദരി ശ്രുതിയെയും(29) അമ്മ രമദേവിയെയും (56) അറസ്റ്റ് ചെയ്തത്.

മനയിൽ കുളങ്ങര വനിത ഐ.ടി.ഐയ്ക്ക് സമീപമുള്ള വീട് ആഡംബരപൂർണ്ണമാണ്. ഇതിന്റെ മുകളിലെ നിലയിലാണ് കള്ളനോട്ട് അടി കേന്ദ്രം പ്രവർത്തിക്കുന്നത്. സീരിയൽ നടിയായ സൂര്യ ബംഗ്ളൂരുവിലാണ് താമസം. രമാദേവിയും ശ്രുതിയും മിക്കപ്പോഴും ബംഗ്ളൂരുവിൽ തന്നെയാണ്. മാസത്തിൽ ഒന്നോ രണ്ടോ തവണ വീട്ടിൽ വന്നാൽ പോലും പുറത്തിറങ്ങുകയോ അയൽക്കാരുമായി സംസാരിക്കുകയോ ചെയ്യാറില്ല. ആഡംബര വീടിന് വളരെ ഉയരത്തിലുള്ള മതിലുണ്ട്. മതിലിന്റെ പുറത്തേക്ക് വളർന്നുകിടക്കുന്ന കടലാസ് പൂക്കളുമുണ്ട്. അതിനാൽ വീട്ടിനകത്ത് നടക്കുന്നത് എന്താണെന്ന് നിന്ന് കാണാൻ കഴിയുമായിരുന്നില്ല. നേരത്തെ ഇത് പഴയൊരു വീടായിരുന്നു. പിന്നീട് ഇത് പുതുക്കി ആഡംബര വീടാക്കി മാറ്റുകയായിരുന്നു. ഇവരെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പോലീസ് ശേഖരിച്ചുവരികയാണ്.

കാണാതായ ചെറുവത്തൂർ സ്വദേശി ഉൾപ്പെടെയുള്ള നാലുപേർക്കായി ലുക്കൗട്ട് നോട്ടീസ്

പയ്യന്നൂർ: കാണാതായ കാസർക്കോട്, ചെറുവത്തൂർ സ്വദേശി ഉൾപ്പെടെയുള്ള നാലുപേരെ കണ്ടെത്താൻ പോലീസ് ലുക്കൗട്ട് നോട്ടീസ് പ്രസിദ്ധീകരിച്ചു. ചെറുവത്തൂർ കൈതക്കാട് സ്വദേശി തൈലക്കണ്ടി ഹൗസിൽ ഹമീദ്ഹാജിയുടെ മകൻ മുഹമ്മദ്കുഞ്ഞി, തൃശൂർ കൊടുങ്ങല്ലൂർ ഏറിയാട് മാപ്പവന ദേശത്ത് വേണാട്ട് വീട്ടിൽ നസീറയുടെ മകൾ ഷബാന (37), ഐഷ സിനാൻ (11), അലീം സിയാൻ (ആറ്) എന്നിവരെയാണ് കാണാതായത്. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നാണ് ഇവരെ കാണാതായത്. പരാതിയിൽ ഇരിങ്ങാലക്കുട പോലീസാണ് കേസെടുത്തത്. ഇവരെ കാണാതായത് സംബന്ധിച്ച് ദുരൂഹത ഉയർന്ന സാഹചര്യത്തിലാണ് ഫോട്ടോ സഹിതം ലുക്കൗട്ട് നോട്ടീസ് പ്രസിദ്ധീകരിച്ചത്. ഇവരെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ 0480 2825228, 9497980533 എന്നീ നമ്പറുകളിൽ അറിയിക്കണമെന്ന് ഇരിങ്ങാലക്കുട പോലീസ് അഭ്യർത്ഥിച്ചു.

ഡൽഹിയിൽ ലെഫ്.ഗവർണ്ണർ എല്ലാം തടസപ്പെടുത്തുന്ന നിലയിൽ; ഇടപെടരുതെന്ന് സുപ്രീംകോടതി

ഡൽഹി: ഡൽഹിയിൽ ലെഫ്. ഗവർണ്ണർ സംസ്ഥാന സർക്കാരിന്റെ തീരുമാനങ്ങൾ തടസപ്പെടുത്തുന്ന രീതിയിൽ ഇടപെടരുതെന്ന് സുപ്രീംകോടതി ഭരണഘടന ബെഞ്ച് വിധിച്ചു. പരമാധികാരി ലെഫ്. ഗവർണ്ണറാണെങ്കിലും ഭരണഘടനാപരമായ നിലയിൽ മാത്രമേ ഇടപെടാൻ പാടുള്ളൂവെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധിച്ചു. അതേസമയം ഡൽഹിക്ക് പൂർണ്ണ സംസ്ഥാന പദവി നൽകണമെന്ന ആവശ്യം കോടതി തള്ളിക്കളഞ്ഞു. ഭരണഘടനക്ക് വിധേയമായി നയപരമായ തീരുമാനങ്ങളെടുക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ട്. ആ ഉപദേശങ്ങൾ സ്വീകരിക്കുക എന്നതാണ് ലെഫ്. ഗവർണ്ണറുടെ ചുമതല. അതേസമയം ഭൂമി, പോലീസ്, ക്രമസമാധാനം തുടങ്ങിയ വിഷയങ്ങളിൽ ലെഫ്. ഗവർണ്ണർക്ക് തീരുമാനമെടുക്കാം. സർക്കാരും ലെഫ്. ഗവർണ്ണറും ഏറ്റുമുട്ടാതെ മുന്നോട്ട് പോകണമെന്നും ഇന്ത്യയുടെ ഫെഡറൽ വ്യവസ്ഥയ്ക്ക് പോറലേൽക്കാത്ത വിധം പെരുമാറണമെന്നും ചീഫ് ജസ്റ്റിസ് വിധിന്യായത്തിൽ ചൂണ്ടിക്കാട്ടി. മറ്റ് നാല് ജഡ്ജിമാരുടെയും വിധിപ്രസ്താവം തുടരുകയാണ്. എന്നാൽ നേരിയ അഭിപ്രായവ്യത്യാസം ഒഴിച്ചുനിർത്തിയാൽ ചീഫ് ജസ്റ്റിസിന്റെ നിലപാടുകളോട് മറ്റ് ജഡ്ജിമാർ യോജിക്കുകയായിരുന്നു.

കന്യാസ്ത്രീയെ അധിക്ഷേപിച്ച് പി.സി. ജോർജ്

എറണാകുളം: ബിഷപ്പ് പീഡിപ്പിച്ചുവെന്ന പരാതി നൽകിയ കന്യാസ്ത്രീയെ അധിക്ഷേപിച്ച് പി.സി. ജോർജ് എം.എൽ.എ. 15 തവണ കന്യാസ്ത്രീ ബലാൽസംഗം ആസ്വദിച്ചുവെന്ന് ജോർജ് ആക്ഷേപിച്ചു. 14-ാം തവണയാണ് പരാതി നൽകിയത്. ഇതൊക്കെ എന്തിനുവേണ്ടിയാണെന്ന് എല്ലാവർക്കും അറിയാമെന്നും ജോർജ് പറഞ്ഞു.

കാമുകനെത്തേടി എറണാകുളത്തുപോയ 17കാരിയെ പോലീസ് ഇടപെട്ട് തിരികെയെത്തിച്ചു

ആലക്കോട്: കാമുകനെത്തേടി എറണാകുളത്തേക്ക് പോയ പെൺകുട്ടിയെ പോലീസ് ഇടപെട്ട് തിരികെ എത്തിച്ചു. തിമിരി സ്വദേശിനിയായ 17 കാരിയെയാണ് ആലക്കോട് പോലീസ് ഇടപെടലിലൂടെ തിരികെ എത്തിച്ചത്. പ്ലസ്ടു പഠനം കഴിഞ്ഞ് നിൽക്കുന്ന പെൺകുട്ടിയെ കഴിഞ്ഞ തിങ്കളാഴ്ച മുതലാണ് വീട്ടിൽ നിന്ന് കാണാതായിരുന്നത്. ബന്ധുക്കൾ പല സ്ഥലത്തും അന്വേഷണം നടത്തിയിട്ടും കാണാതെ വന്നതിനെ തുടർന്നാണ് ഇന്നലെ പോലീസിൽ പരാതി നൽകിയത്. പോലീസ് പെൺകുട്ടിയുടെ മൊബൈൽ ഫോൺ നമ്പർ പിന്തുടർന്ന് നടത്തിയ അന്വേഷണത്തിൽ എറണാകുളത്ത് ഉള്ളതായി കണ്ടെത്തി. നാട്ടിൽ തന്നെയുള്ള ഒരു യുവാവുമായി പെൺകുട്ടിക്ക് പ്രണയ ബന്ധമുണ്ടായിരുന്നതായും പോലീസിന് സൂചന ലഭിച്ചു. ഫോൺ വഴിയായിരുന്നു ഇരുവരും തമ്മിൽ ബന്ധം പുലർത്തിയിരുന്നത്. താൻ എറണാകുളത്തുണ്ടാകുമെന്നും അവിടെ വെച്ച് കാണാമെന്നും യുവാവ് പറഞ്ഞതിനെ തുടർന്നാണത്രെ പെൺകുട്ടി കാമുകനെത്തേടി ഇറങ്ങിയത്. പെൺകുട്ടി എറണാകുളത്തേക്ക് പോയെങ്കിലും യുവാവ് പോയിരുന്നില്ല. നാട്ടിൽ തന്നെയുണ്ടായിരുന്ന ഇയാളെക്കൊണ്ട് പോലീസ് ഫോൺ വിളിപ്പിച്ചാണ് പെൺകുട്ടിയെ തിരികെ എത്തിച്ചത്. ഇന്നലെ എറണാകുളത്ത് നിന്ന് ഒരു ബസിൽ നാട്ടിലേക്ക് തിരിച്ച് വന്ന പെൺകുട്ടിയെ ആലക്കോട് പോലീസ് വിവരമറിയിച്ചതിനെ തുടർന്ന് കോഴിക്കോട് കൺട്രോൾ പോലീസ് കസ്റ്റഡിയിലെടുത്തു. ആലക്കോട്ടെത്തിച്ച പെൺകുട്ടിയെ ഇന്ന് കോടതിയിൽ ഹാജരാക്കും. എസ്.ഐ. ടി.സുനിൽകുമാർ, എ.എസ്.ഐ കുഞ്ഞമ്പു എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണമാണ് പെൺകുട്ടിയെ തിരികെ എത്തിച്ചത്.

ചെറുപുഴയിലെ മലഞ്ചരക്ക് മോഷണം

തൊരപ്പൻ സന്തോഷിനെയും കൂട്ടാളിയെയും കസ്റ്റഡിയിൽ വാങ്ങി

ചെറുപുഴ: ചെറുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലെ രണ്ട് കടകളിൽ നിന്ന് മലഞ്ചരക്ക് മോഷ്ടിച്ച കേസിൽ കുപ്രസിദ്ധ മോഷ്ടാവ് പുലിക്കുരുമ്പ സ്വദേശിയും കേളകത്ത് താമസക്കാരനുമായ തൊരപ്പൻ സന്തോഷിനെ (36)യും കൂട്ടാളി കീഴ്പ്പള്ളി സ്വദേശി പുളിവേലിൽ ജോഷിയെയും (43) ചെറുപുഴ പോലീസ് കസ്റ്റഡിയിൽ വാങ്ങി.

കഴിഞ്ഞ 22ന് മട്ടന്നൂരിലെ ഒരു കട കുത്തിത്തുറന്ന് മോഷണം നടത്തിയ കേസിൽ തൊരപ്പൻ സന്തോഷിനെയും ജോഷിയെയും മട്ടന്നൂർ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവരെ ചോദ്യം ചെയ്തപ്പോഴാണ് കഴിഞ്ഞ 19ന് രാത്രി പാടിയോട്ടുചാൽ ടൗണിലെ കുന്നത്ത് ട്രേഡേഴ്സ് കുത്തിത്തുറന്ന് 10 ചാക്ക് കുരുമുളകും അതിന് ഒരാഴ്ച മുമ്പ് പാടിയോട്ടുചാൽ ചുണ്ടയിൽ ആറ് ക്വിന്റൽ അടക്കയും കവർച്ച ചെയ്തത് ഇവരാണെന്ന് മനസിലായത്. ഇതേ തുടർന്ന് തൊരപ്പൻ സന്തോഷിനെയും ജോഷിയെയും കസ്റ്റഡിയിൽ വിട്ടുകിട്ടാൻ ചെറുപുഴ പോലീസ് കോടതിയിൽ സമീപിക്കുകയായിരുന്നു. മൂന്ന് ദിവസത്തേക്കാണ് ഇരുവരെയും പോലീസ് കസ്റ്റഡിയിൽ വിട്ടിട്ടുള്ളത്.

കവർച്ച നടത്താൻ ഉപയോഗിച്ച കമ്പിപ്പാര, പൊളിച്ചുകളഞ്ഞ പൂട്ടിന്റെ ഭാഗം എന്നിവ കടയുടെ സമീപത്തുള്ള കുറ്റിക്കാട്ടിൽ നിന്ന് കണ്ടെടുത്തു. കവർച്ച ചെയ്ത് ഇവർ വിറ്റ മലഞ്ചരക്കുകൾ കണ്ടെത്താൻ ഇന്ന് ഉച്ചതിരിഞ്ഞ് തെളിവെടുപ്പ് നടത്തും. മലഞ്ചരക്ക് എവിടെയാണ് വിറ്റതെന്ന വിവരം ഇവർ വ്യക്തമാക്കിയിട്ടുണ്ട്. നാളെ വൈകുന്നേരം പ്രതികളെ കോടതിയിൽ തിരിച്ചേൽപ്പിക്കും. തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന്റെ നിർദേശാനുസരണമാണ് ചെറുപുഴ പോലീസ് ഇരുവരെയും കസ്റ്റഡിയിൽ വാങ്ങിയത്.

പ്രവേശനം തുടരുന്നു
+1, BA, BCom (Kannur University
സെന്റ് ജോസഫ്സ് കോളേജ്
കരുവഞ്ചാൽ
Mob: 9847081773, 9446262698
B.S.S കോഴ്സുകൾ
നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്
ഈ വർഷം +2 തോറ്റവർക്ക് 3 വിഷയങ്ങൾ മാത്രം പഠിച്ച് +2 പാസ്സാകാം
14 തികഞ്ഞ ആർക്കും SSLC. 5 വിഷയങ്ങൾ മാത്രം
സ്പോക്കൺ ഇംഗ്ലീഷ് ഏത് പ്രായക്കാർക്കും

കാത്തിരിപ്പിന്റെ കാലം കഴിഞ്ഞു.. !!
കുറഞ്ഞ വിലയിൽ
റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള ₹ 3750/- 3 പാളി ജനൽ ₹9350/-
ഡോർ ₹ 2400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് Mob: 8592 888 005
N.H മാങ്ങാട് 8593 888 013